# ഏർവാടി അഥവാ ഇന്ത്യയിലെ ഗ്വാണ്ടനാമോ

**അമീർ ഒതുക്കുങ്ങൽ**

ഇന്ത്യയിലെ അറിയപ്പെട്ട ഒരു ഖബ്ർപൂജാകേന്ദ്രമാണ് ഏർവാടി. തമിഴ്നാട്ടിലെ രാമനാഥപുരത്താണ് ഈ കൊടിയശിർക്കിന്റെ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. അറേബ്യയിൽനിന്ന് ഇന്ത്യയിലേക്ക് മതപ്രചാരണത്തിന് വേണ്ടി വന്നുവെന്ന് പറയപ്പെടുന്ന ഇബ്രാഹീം ബാദുഷയാണ് ഏർവാടിയിലെ പ്രധാനപ്പെട്ട ദർഗ്ഗയിൽ കിടക്കുന്നത്. കൂടെ ഇബ്രാഹീം ബാദുഷയുടെ മന്ത്രിമാരും പുത്രൻ അബൂത്വാഹിറും ഭാര്യയും വക്കീലൻമാരും അങ്ങനെ നിരവധി ജാറങ്ങളുടെ ഒരു കൂട്ടുകൃഷിയാണ് ഏർവാടിയിൽ നടക്കുന്നത്. ഓരോ വർഷവും ഇവിടെയുള്ള ഖബ്റുകൾ ലേലം ചെയ്യാറാണ് പതിവ്. അതിൽ ഇബ്രാഹീം ബാദ്ഷയുടെ ജാറത്തിനാണ് റേറ്റ് കൂടുതൽ. ഇങ്ങനെ ഓരോരുത്തരായി ലേലം ചെയ്തെടുക്കുന്ന ജാറങ്ങൾ കറാമത്തിന്റെ പോരിശ പൊലിപ്പിച്ചെടുത്ത് വൻ വ്യവസായമാക്കി മാറ്റുന്ന ഈ വ്യവസായത്തിലെ കച്ചവടക്കാരും ഏജൻസികളുമെല്ലാം പ്രധാനമായും മലയാളികളാണ്. മലയാളികൾക്ക് ഈ ദർഗ്ഗയിലുള്ള സ്വാധീനം മനസ്സിലാക്കാൻ ദർഗ്ഗാ പരിസരത്ത് പോയാൽ മതി. മിക്ക ദർഗ്ഗയിലും തമിഴിന് പുറമെ കൂടുതലും മലയാളത്തിലാണ് പേരുകളും മറ്റും എഴുതിവെച്ചിരിക്കുന്നത്. ഇന്ത്യയിൽ ഇസ്ലാംമത പ്രചാരണത്തിന് വന്നവരാണ് ഇബ്രാഹീം ബാദുഷ എന്ന് ഖുബൂരികൾ പറയാറുണ്ടെങ്കിലും അതിന് വിശ്വസനീയമായ രേഖകളുടെ പിൻബലമില്ല. ഏർവാടിയിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഇടനിലക്കാരായ കേരള മുസ്ലിയാക്കൾ എഴുതിയും എഴുന്നള്ളിയും നടക്കുന്ന ഏർവാടിയുടെ ചരിത്രവും തദ്ദേശിയരായ ആളുകൾ പറയുന്ന ചരിത്രവും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. അതിൽ അദ്ഭുതമില്ലതാനും. കാരണം, ജാറപ്പൂജയെ കൊഴുപ്പിക്കാൻ ഖുബൂരി പണ്ഡിറ്റുകൾ പണിതുവിട്ട മുഴുവൻ ചരിത്രങ്ങളും കള്ളക്കഥകൾ നിറഞ്ഞതാണ്. ഇസ്ലാമിന്റെ പേരിൽ ഇന്ന് ഏർവാടിയിൽ നടക്കുന്നത് മുഴുവനും അനിസ്ലാമിക പ്രവർത്തനങ്ങളാണ്. മാത്രമല്ല, മനുഷ്യമനസ്സാക്ഷിയെ കിടിലം കൊള്ളിക്കുന്ന ഒരു പിടി ദുരന്തങ്ങൾ നടമാടുന്ന, ക്രൂരതമാത്രം വിളയാടുന്ന മണ്ണുകൂടിയാണ് തമിഴ്നാട്ടിലെ ഏർവാടി എന്ന ഖബ്ർ പൂജാ കേന്ദ്രം.

ഗ്വാണ്ടനാമോയിലും അബൂ ഗുറൈബിലും അമേരിക്കൻ സൈനികർ യുദ്ധ തടവുകാരോട് കാണിക്കുന്ന കൊടും ക്രൂരതകൾ കേൾക്കുമ്പോൾ മാത്രം നടുങ്ങുന്ന കുറേ ഹൃദയങ്ങൾ കേരളത്തിലുണ്ട്. അതിനെതിരെ തൂലിക ചലിപ്പിക്കാനും മുഷ്ടിചുരുട്ടി മേശയിലിടിക്കാനും ആവേശം കാണിക്കുന്ന സമുദായ സ്നേഹികളും കേരളത്തിൽ ധാരാളമുണ്ട് . അതുവേണ്ടതുതന്നെ. പക്ഷേ അതിനേക്കാളും ക്രൂരതയും പൈശാചികതയും നടമാടുന്ന ഒരു പാട് ഗ്വാണ്ടനാമോകൾ ഇന്ത്യയിലുണ്ട്. ഇവിടെയുള്ളത് തോക്കും പീരങ്കിയും ഏറ്റ് മനസ്സും കയ്യും മരവിച്ച യുദ്ധ തടവുകാരല്ല. മറിച്ച് പലകാരണങ്ങൾകൊണ്ട് സ്വയബുദ്ധി നഷ്ട്ടപ്പെട്ട, പ്രതീകരണശേഷി നഷ്ട്ടപ്പെട്ട, എന്ത് ചെയ്താലും തിരിച്ച് ഒരക്ഷരം പറയാതെ നിറഞ്ഞകണ്ണുകളോടെ മുഖത്തേക്ക് നോക്കുന്ന കുറേ മനുഷ്യ കോലങ്ങളാണ്. മൃഗങ്ങളേക്കാൾ ദയനീയമായി പീഢിപ്പിക്കപ്പെടുന്ന ഇവരും മനുഷ്യരാണ്, പച്ചയായ മനുഷ്യർ. അവർക്കുവേണ്ടി വാദിക്കാനോ അവരെ പീഢിപ്പിക്കുന്നവരെ ചോദ്യം ചെയ്യാനോ ആരോരുമില്ലാത്ത ഒരു കൂട്ടം മാനസിക രോഗികൾ! അവരെ ചങ്ങലക്കിട്ടിരിക്കുന്ന ഇന്ത്യയിലെ ഒരു ഗ്വാണ്ടനാമോയാണ് ഏർവാടി. പിശാചിന്റെ ഹൃദയമുള്ള, പണത്തിന് വേണ്ടി എന്തും ചെയ്യാൻ കൂസലില്ലാത്ത, മനസ്സ് കല്ലായിമാറ്റിയ കൂറേ കാട്ടാളൻമാർ തമ്പടിച്ച സ്ഥലമാണ് ഏർവാടി ദർഗയും പരിസര പ്രദേശങ്ങളും.

ഏതെങ്കിലും രീതിയിൽ ചെറിയൊരു മാനസിക ചാഞ്ചാട്ടമോ അപസ്മാര രോഗമോ ഉള്ള ഒരു മനുഷ്യനെ ചികിത്സിക്കാനും പണം ചെലവഴിക്കാനും വൈമനസ്യമുള്ള ദുഷ്ടരായ ബന്ധുക്കൾ

ഏർവാടിയിലേക്ക് തള്ളുന്നതോടെ, ഏർവാടിയിലെ ദർഗ്ഗാമാഫിയ ഈ മനുഷ്യനെ ഏറ്റെടുക്കുന്നു. പീഢനങ്ങളുടെ താണ്ഡവം അവിടെ തുടങ്ങുന്നു. മാസങ്ങളോ വർഷങ്ങളോ കഴിയുമ്പോൾ മാത്രം ഏർവാടിയിലെത്തുന്ന ബന്ധുക്കൾ രോഗികളുടെ പരിചരണത്തിനെന്ന പേരിൽ ഏൽപ്പിക്കുന്ന പണം രോഗിക്കുവേണ്ടി ചെലവഴിക്കാതെ മദ്യപിച്ചും കഞ്ചാവടിച്ചും പെണ്ണ് പിടിച്ചും മാനസിക കേന്ദ്രനടത്തിപ്പുകാർ ജീവിതം ആഘോഷിക്കുകയാണെന്ന് പല അന്വേഷണ സംഘങ്ങളും കണ്ടെത്തിയിട്ടുണ്ട്. വർഷങ്ങളോളം ചങ്ങലക്കിട്ട് കയ്യിലും കാലിലും വ്രണംപൊട്ടി ചീഞ്ഞളിഞ്ഞ് ഏർവാടിയിൽ നരകിക്കുന്ന പാവം രോഗികൾ തങ്ങളെന്തിന് പീഢിപ്പിക്കപ്പെടുന്നു എന്നറിയുന്നില്ല. തങ്ങളെന്തെങ്കിലും തെറ്റ് ചെയ്തോ എന്ന് ചിന്തിക്കാൻ അവരുടെ തലച്ചോറ് പ്രവർത്തനക്ഷമവുമല്ല. എല്ലാ പീഢനങ്ങളും സഹിച്ച്, വരുന്നവരുടെയും പോകുന്നവരുടെയും മുഖത്തുനോക്കി നിശബ്ദമായി കരയാനേ ഈ സാധുക്കൾക്ക് അറിയുകയുള്ളൂ. ആ കരച്ചിലിനാകട്ടെ കണ്ണുനീരിന്റെ അകമ്പടിപോലും ഉണ്ടാകാറില്ല. കാരണം, ഈ പാവങ്ങളുടെ ചോരയും നീരും നക്കിക്കുടിച്ച് ആഹ്ലാദതാണ്ഡവമാടുന്ന ഇവിടത്തെ ചെകുത്താൻമാർക്ക് മുന്നിൽ കണ്ണിൽനിന്ന് ഒരുതുള്ളി നീരിറ്റിയാൽ അതിന് പീഢനം പിറകെവരുമെന്ന് സ്വയബുദ്ധിയില്ലെങ്കിലും അനുഭവത്തിലൂടെ ഈ പാവങ്ങൾക്കറിയാം. അല്ലെങ്കിലും ആർക്കുമുന്നിലാണ് ഈ പാവങ്ങൾ കരയുക? ഇവരുടെ കണ്ണീരുകണ്ടാൽ അലിയുന്ന ഹൃദയങ്ങളുള്ളവരല്ലല്ലോ ഏർവാടിയിൽ സിയാറത്തിന് വരുന്നത്. എന്ത് അരാചകത്വം കണ്ടാലും അതല്ലാം ഇബ്രാഹിം ബാദുഷയുടെ കറാമത്തിന്റെ അക്കൗണ്ടിലേക്ക് തള്ളുന്ന ഖബ്ർ പൂജകരിൽ ഭൂരിഭാഗവും മലയാളികളാണ്. ഇവിടെയെത്തുന്ന ഏതൊരു മലയാളി സംഘത്തിനുമുന്നിലും നേതൃത്വം കൊടുത്തുകൊണ്ട് കുടവയറും തടവി പച്ചതുണി ഇരുചുമലിലേക്കും മാറിമാറിയിട്ട് ശൈഖുന ചമയുന്ന ഏതെങ്കിലും ഒരു മുസ്ലിയാരുമുണ്ടാകും. ഇത്തരം മുസ്ലിയാക്കൻമാരും ഏർവാടിയിലേ പീഢനമനുഭവിക്കുന്ന പാവങ്ങളെ തിരിഞ്ഞുനോക്കാറില്ല. പിന്നെയുള്ളതാകട്ടെ കേരളത്തിലെ കുറേ സമുദായ സ്നേഹികളായ 'ബുദ്ധിജീവികളാണ്.' ഇവരാകട്ടെ ഗ്വാണ്ടനാമോയിലും അബൂഗുറൈബിലും എന്തുസംഭവിക്കുന്നു എന്ന് ഭൂതക്കണ്ണാടിവെച്ച് അന്വേഷിക്കുകയാണ്. അതിനിടയിൽ ഏർവാടിയിൽ നരകയാതന അനുഭവിക്കുന്ന സാധുക്കൾക്കുവേണ്ടി വാദിക്കാൻ പോയാൽ ഖുബൂരികൾക്കിടയിൽ ഇമേജിന് ഇടിവ് സംഭവിക്കുമെന്ന് അവർ ഭയപ്പെടുന്നുണ്ടാകാം.

ജീവിതത്തിൽ ഒരിക്കൽപോലും ഭ്രാന്തുവന്നിട്ടില്ലാത്ത, കുടുംബക്കാർ ഭ്രാന്തനെന്ന് മുദ്രയടിച്ച് ഏർവാടിയിൽ തള്ളിയ നിരവധി സാധുക്കളും ഏർവാടിയിൽ പലപ്പോഴായി പീഢിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ദാരുണമായി പീഢനമേൽക്കേണ്ടിവന്ന ഒരു വ്യക്തിയാണ് കോഴിക്കോട് ജില്ലയിലെ എലത്തൂർ സ്വദേശി യൂസുഫ്. താൻ നേരിട്ട നരകയാതനകൾ ഇദ്ദേഹം ഞങ്ങളോട് വിവരിക്കുമ്പോൾ ഈ പാവം മനുഷ്യന്റെ കണ്ണിൽ നിന്നും ചുടുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഒരു വർഷത്തിലേറെ ചങ്ങലയിൽ കിടന്ന് ഇദ്ദേഹം അനുഭവിച്ച കൊടും പീഢനങ്ങൾ ആ കണ്ണിൽനിന്നും ഞങ്ങൾക്ക് വായിച്ചെടുക്കാമായിരുന്നു. ഞങ്ങളോട് സംസാരിക്കുമ്പോൾ പലപ്പോഴും കരച്ചിലടക്കാൻ വയ്യാതെ ആ മനുഷ്യൻ വിങ്ങിപ്പൊട്ടി. ഇദ്ദേഹത്തിന്റെ വാക്കുകളിൽ ഏർവാടിയിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന പുരോഹിതപ്പരിഷകളോടുള്ള അടങ്ങാത്ത പ്രതിഷേധമുണ്ടായിരുന്നു. ചെറുപ്പത്തിൽ ചിലപ്പോഴൊക്കെ അപസ്മാര രോഗമുണ്ടായിരുന്നു എന്നതൊഴിച്ചാൽ ഈ മനുഷ്യന് യാതൊരു തകരാറുമില്ലായിരുന്നു. പക്ഷേ ആരുടെയൊക്കെയോ കുടിലബുദ്ധി ഇദ്ദേഹത്തെ ഏർവാടിയിലെ നരാധമന്മാരുടെ കയ്യിലെത്തിച്ചു. ഒരുവർഷത്തെ നിരന്തര പീഢനത്തിനുശേഷം ഏർവാടിയിലെ മനുഷ്യപിശാചുക്കളുടെ കണ്ണുവെട്ടിച്ച് നാട്ടിലെത്തിയ ഇദ്ദേഹത്തിന്റെ കദനകഥ 2001 മാർച്ച് 5 ലെ മാധ്യമം ദിനപത്രം റിപ്പോർട്ട് ചെയ്തിരുന്നു. പക്ഷേ, എരിതീയിൽനിന്ന് വറചട്ടിയിലേക്കെന്നപോലെ നാട്ടിലെത്തിയ ഇദ്ദേഹത്തിന് നേരിടേണ്ടിവന്നത് അതിലും വലിയ ദുരന്തമായിരുന്നു. പത്രത്തിൽ വാർത്ത വന്നു എന്ന ഒറ്റക്കാരണത്താൽ കോഴിക്കോട് മെഡിക്കൽകോളേജിന് സമീപം വെച്ച് ചില ഖുറാഫീകാട്ടാളൻമാർ ഇദ്ദേഹത്തെ മണിക്കൂറുകളോളം മുറിയിലിട്ട് മർദിച്ച് അവശനാക്കി ''നീ ഔലിയാക്കളെ ധിക്കരിക്കുമല്ലേ?'' എന്നുചോദിച്ചായിരുന്നു ഓരോ അടിയും. ഇന്ന് ഒന്ന് ഇരിക്കാൻപോലും ഇദ്ദേഹത്തിന് സാധിക്കുന്നില്ല. ഞങ്ങളോട് സംസാരിച്ച മുഴുവൻ സമയവും നിലത്ത് കാൽനീട്ടിയിരുന്ന് കൈകൾ രണ്ടും പിന്നിലേക്ക് കുത്തി ബാലൻസ് ചെയ്താണ് ഈ പാവം മനുഷ്യൻ ഇരുന്നത്. വ്യഭിചാരശാല നടത്തിപ്പുകാരും കഞ്ചാവുകച്ചവടക്കാരും ഗുണ്ടാസംഘങ്ങളും അധോലോക നായകൻമാരും കൂടിച്ചേർന്ന് നടത്തുന്ന ഒരു ക്രിമിനൽ കേന്ദ്രമാണ് ഏർവാടിയെന്ന് ഇദ്ദേഹം തുറന്നടിക്കുന്നു. ഒരു രോഗവുമി

ല്ലാതെ വർഷങ്ങളോളം ചങ്ങലയിൽ ബന്ധിതനായി കൈകാലുകൾ പൊട്ടിത്തകർന്ന ഇദ്ദേഹം തന്റെ അനുഭവങ്ങൾ ഞങ്ങളോട് പങ്കുവെച്ചപ്പോൾ കേട്ടും കണ്ടുമറിഞ്ഞ ഏർവാടിയല്ല യഥാർത്ഥ ഏർവാടി യെന്നും അതിനുപിന്നിൽ ഒരു അധോലോക റാക്കറ്റ്തന്നെ പ്രവർത്തിക്കുന്നുണ്ടെന്നും അവരാണ് ഇന്ന് ഏർവാടി നിയന്ത്രിക്കുന്നതെന്നും ഞങ്ങൾക്ക് മനസ്സിലായി. എല്ലാറ്റിനും മൂകസാക്ഷിയായി ഇബ്രാഹിം ബാദുഷയും അനുയായികളും അവരുടെ ഖബ്റുകളിൽ കിടക്കുന്നു. ലോകത്തുള്ള എല്ലാ വരുടെയും പ്രശ്നങ്ങൾ സ്വപ്നങ്ങളിലൂടെ പരിഹരിക്കുന്നുവെന്ന് പറയപ്പെടുന്ന ഈ ഇബ്രാഹിം ബാദുഷയുടെ അരികിൽവെച്ചാണല്ലോ നാൽപ്പതോളം മാനസിക രോഗികൾ വെന്തുവെണ്ണീറായത്. ഒന്ന് പിടയാൻപോലുമാവാതെ ചങ്ങലയിൽ ബന്ധിതരായി ആ നിഷ്കളങ്ക മനുഷ്യർ കരിക്കട്ടകളായി എരിഞ്ഞ് തീർന്നപ്പോഴും ഇബ്രാഹിം ബാദുഷയും മന്ത്രിമാരും വക്കീലൻമാരും എല്ലാം തൊട്ടടുത്ത മക്ബറയിലുണ്ടായിരുന്നു. അവർ പ്രതികരിച്ചില്ല. ഈ ദുരന്തം സ്വപ്നത്തിൽപോലും മുൻകൂട്ടി ആർക്കും കാണിച്ചുകൊടുത്തതുമില്ല. എല്ലാം അറിഞ്ഞിട്ടും (?) അറിയാതെ നടിച്ച ഏർവാടിയിലെ 'ഔലിയാക്ക'ളേക്കാളും ക്രൂരൻമാർ ലോകത്ത് മറ്റാരെങ്കിലുമുണ്ടാകുമോ?

2001 ആഗസ്റ്റ് ആറിനാണ് മനുഷ്യമനസ്സാക്ഷിയെ കിടിലം കൊള്ളിച്ച ദുരന്തം ഏർവാടിയിലുണ്ടായ ത്. മാനസിക രോഗികളെ മൃഗീയമായ രീതിയിൽ ചങ്ങലക്കിട്ടിരിക്കുന്ന ഷെഡുകൾ നിരവധി യുണ്ടായിരുന്നു ഈ നരകത്തിൽ. മരുന്നും വെള്ളവും ഭക്ഷണവുമൊന്നുമല്ല ഇവിടുത്തെ ചികിത്സ കൾ. അറവുമാടുകളെപ്പോലെ കൂട്ടംകൂട്ടമായി ചങ്ങലകളിൽ ബന്ധിച്ച് രാവിലെയും വൈകുന്നേരവും ദർഗയിൽ കൊണ്ടുപോയി ഇരുത്തുകയെന്നതാണ് ഇവിടുത്തെ ചികിത്സ. അനുസരണക്കേട് കാണി ക്കുന്ന രോഗികൾക്ക് കടുത്തരീതിയിൽ മർദ്ദനമേൽക്കേണ്ടിവരുന്നു. മാനസികരോഗികളെ ചങ്ങലക്കി ടരുതെന്നും അവരെപീഢിപ്പിക്കരുതെന്നും ഇന്ത്യയിൽ നിയമങ്ങളുണ്ട്. പക്ഷേ ആ നിയമങ്ങളെല്ലാം പലപ്പോഴും വെറും കടലാസ് പുലികളായിമാറുന്നു. ഏർവാടിയെന്ന കിരാതഭൂമിയിലേക്ക് ഈ നിയമ ങ്ങൾക്കും പ്രവേശനമില്ല. ഇവിടെനടക്കുന്ന കൊടും പീഢനങ്ങളിൽ ആർക്കും പ്രതിഷേധമോ പരി വേദനമോയില്ല. കാരണം, പാവപ്പെട്ട മനോരോഗികളെ തങ്ങളുടെ വരുതിയിൽ നിറുത്താൻ വേണ്ടി ക്രൂരൻമാരായ വാർഡൻമാർ നൽകുന്ന ഓരോ പ്രഹരവും ചെകുത്താനെ അടിച്ചിറക്കലായി വ്യാഖ്യാ നിക്കുന്ന ചിന്താശേഷി നഷ്ടപ്പെട്ട ഖബ്ർ പൂജകരാണല്ലോ ഏർവാടിയിലും മറ്റും വരുന്നത്. മനോ രോഗികളെ താമസിപ്പിക്കാൻ വേണ്ട യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഷെഡുകളിൽ ചങ്ങലയിൽ ബന്ധിക്കപ്പെട്ട രോഗികളെ വാർഡൻമാരുടെ ശിക്ഷാദണ്ഡുകൾകാട്ടി ഭയപ്പെടുത്തി താമ സിപ്പിക്കുന്നത് കണ്ടാൽ മനുഷ്യപറ്റുള്ള ആരുടെയും കരളലിഞ്ഞുപോകും. ഈ സ്ഥലത്തിന്റെ ശുചി ത്വവും മറ്റും കണ്ടാൽതന്നെ മനോരാഗികൾക്ക് മറ്റു പല മാറാ രോഗങ്ങളും വരാനുള്ള സാധ്യതകൾ ആർക്കും ബോധ്യപ്പെടും. സ്വവർഗ രതിയിലൂടെയും മറ്റും പടരുന്ന രോഗങ്ങൾക്കും വേണ്ടത്ര സാധ്യ തയുണ്ട്. മനുഷ്യാവകാശ സംഘടനകളുടെ സത്വരശ്രദ്ധ പതിയേണ്ട ഒരു കേന്ദ്രമായിട്ടാണ് ഏർവാടി യിലെ ദർഗ്ഗയും പരിസരവും നിലകൊള്ളുന്നത്.

ഇത്തരത്തിൽ നിരവധി ഭ്രാന്തൻമാരെ ചങ്ങലക്കിട്ട ഒരു ഷെഡ്ഡിനാണ് 2001ൽ തീപീടിച്ചത്. ഓല കൊണ്ട്മേഞ്ഞ താൽകാലിക ഷെഡ്ഡുകൾ തീനാളങ്ങൾ നക്കിത്തുടക്കുമ്പോൾ അതിനുള്ളിൽ ഒന്ന് പിടയാൻപോലുമാവാതെ നാൽപ്പതോളം മനുഷ്യജീവികളുണ്ടായിരുന്നു. ഈ ദുരന്തവുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും ഈ കേന്ദ്രങ്ങൾ തങ്ങൾ നടത്തുന്നതല്ലെന്നും പറഞ്ഞ് ദർഗാകമ്മിറ്റികൾ അന്ന് കൈകഴുകി. പക്ഷേ ഈ കേന്ദ്രങ്ങളിൽനിന്നും ദർഗാകമ്മിറ്റിക്കാർവരെ കമ്മീ ഷൻ പറ്റുന്നുണ്ടെന്നതാണ് വാസ്തവം. ഏർവാടി ദർഗയിലെ ചികിത്സകളും കേസ്തീർപ്പുമെല്ലാം ഇബ്രാഹിം ബാദുഷ സ്വപ്നത്തിൽ നിശ്ചയിക്കുമെന്നാണ് ഐതിഹ്യം. എന്നിട്ടും ഈ ദുരന്തം എന്തു കൊണ്ട് ഇബ്രാഹിം ബാദുഷ സ്വപ്നത്തിൽ അറിയിച്ചില്ല എന്ന ചോദ്യത്തിന് ''മീനായിൽ ദുരന്തമു ണ്ടായപ്പോൾ എല്ലാമറിയുന്ന അല്ലാഹു എന്തേ നിസ്സംഗത പാലിച്ചു?'' എന്ന് ചോദിച്ച് അല്ലാഹുവിനെ പരിഹസിക്കുന്ന കുറേ മുസ്‌ലിയാക്കൾ കേരളത്തിലുണ്ട്. അല്ലാഹുവിന് എപ്പോഴും സഹായിക്കാൻ കഴിയുമെങ്കിലും എപ്പോഴും സഹായിക്കൽ അവന് നിർബന്ധമല്ല. എന്നാൽ മനുഷ്യർ അങ്ങനെയല്ല. സഹായിക്കാൻ കഴിവുണ്ടായിട്ടും സഹായിച്ചില്ലെങ്കിൽ അവൻ കുറ്റക്കാരനാണ്. ഈ എളിയ യാഥാർത്യം പോലും അറിയാതെയാണ് മിനായിലെ തീ പിടുത്തത്തെ മുസ്‌ലിയാക്കൻമാർ ഏർവാടി യോട് സാമ്യപ്പെടുത്തുന്നത്. ഇത്തരം മുസ്‌ലിയാക്കൻമാരുടെ കണ്ണ്തെളിയാനല്ല ഇത് എഴുതുന്നത്.

ആരാന്റെ അന്നം ഹറാമായ മാർഗങ്ങളിൽ തിന്ന് കീശയും ആമാശയവും ഒരു പോലെ വീർപ്പിക്കുന്ന പുരോഹിതപ്പരിഷകൾക്ക് എന്തും പറയാമല്ലോ. ഇബ്രാഹിം ബാദുഷ ജീവിച്ചിരിക്കുന്ന കാലത്ത് ഇതു പോലെ ഒരു ദുരന്തത്തെ കുറിച്ച് അദ്ദേഹത്തിന് മുൻകൂട്ടി അറിയുകയും എന്നിട്ടത് പൂഴ്ത്തിവെക്കുകയും ചെയ്താൽ അയാളെപ്പോലെ ഒരു ക്രൂരൻ മറ്റാരെങ്കിലുമുണ്ടാകുമോ? തനിക്ക് സഹായിക്കാൻ 'കഴിവ്' ഉണ്ടായിട്ടും പാവപ്പെട്ട മാനസിക രോഗികളെ കുരുതി കൊടുത്തുവെങ്കിൽ ബാദുഷയെ അല്ലാഹു വെറുതെ വിടുമോ? അതല്ല, അല്ലാഹുവിന്റെ ശിക്ഷ ഇയാൾക്ക് ബാധകമല്ലേ?

പീഢനങ്ങൾ മാത്രമല്ല, കൊലപാതകവും വേശ്യാവൃത്തിയും എല്ലാം നിറഞ്ഞ ഒരു അധാർമിക കേന്ദ്രമാണ് ഏർവാടി. പിശാചിന് ഏറ്റവും ഇഷ്ടപ്പെട്ട കേന്ദ്രം. കേരളത്തിൽ നിന്നും വൻ കുറ്റകൃത്യങ്ങൾ ചെയ്ത പലകുറ്റവാളികളും പോലീസിനെ വെട്ടിച്ച് ഒളിസങ്കേതം കണ്ടെത്തുന്നത് ഇബ്രാഹിം ബാദുഷയുടെ തലക്കുംപുറത്താണ്. ''ഇത്തരം ക്രിമിനലുകൾ എന്റെ അരികിലുണ്ട്, വേണമെങ്കിൽ പിടിച്ചോ'' എന്ന് ഒരു നിയമപാലകനും ബാദുഷ സ്വപ്നം കാണിച്ചില്ല. ഇതെന്ത് എരണംകെട്ട ഔലിയാക്കളാണ്? ക്രിമിനലുകൾക്ക് കൂട്ടുനിൽകുകയും അഭയം നൽകുകയും ചെയ്യുന്നതും കറാമത്താണോ? ഇവർക്കാണോ മരണശേഷം കഴിവ്കൂടുമെന്ന് ഖുറാഫീപുരോഹിതൻമാർ വായിട്ടലക്കുന്നത്.?

ഏർവാടിയിലെ മാനസികരോഗികളുടെ ഷെഡ്ഡുകളുമായി തങ്ങൾക്ക് യാതൊരുബന്ധവുമില്ലെന്ന് ദർഗാകമ്മിറ്റിക്കാർ പറഞ്ഞതുതന്നെ അവിടെ തീപിടിത്തമുണ്ടായതിനുശേഷമാണ്. അതിനുമുമ്പ് ഇത്തരം പീഢനശാലകളെ തള്ളിപ്പറയാൻ ദർഗാകമ്മിറ്റിക്കാർ തയ്യാറായിട്ടില്ല എന്നോർക്കണം. കൂട്ടം കൂട്ടമായി കന്നുകാലികളെപോലെ ചങ്ങലക്കിട്ട് ദർഗയിൽ കൊണ്ടുവരുന്ന മാനസിക രോഗികളെ ഏറ്റെടുക്കാനോ ഇതിന്റെ നടത്തിപ്പുകാരെ വിമർശിക്കാനോ ദർഗാ പരിപാലകർ തയ്യാറാകുന്നില്ല. കാരണം വ്യക്തമാണ്. ദർഗാപരിപാലകരും ഈ കിരാതൻമാരിൽനിന്ന് കണക്ക് പറഞ്ഞ് പണം പറ്റുന്നവരാണ്.

ആരോഗ്യദൃഢഗാത്രരായ രോഗികളാണ് ഏർവാടിയിൽ വരുന്നതെങ്കിൽ അവനുള്ള ആദ്യചികിത്സ, കൈകാലുകൾ പിന്നിലേക്ക് കൂട്ടിക്കെട്ടി പൊരിയുന്ന വെയിലിൽ കമിഴ്ത്തിക്കിടത്തി പുറത്ത് മാരകമായി മർദ്ദിക്കുകയെന്നതാണ്. അത് രോഗം മാറാനുള്ള ചികിത്സയല്ല. മറിച്ച് ഇത്ര ആരോഗ്യമുള്ള ശരീരങ്ങളെ മേച്ച് നടക്കാൻ തങ്ങൾക്ക് പ്രയാസമാകുമെന്നതാണ് ഈ പീഢനത്തിനുപിന്നിലെ യുക്തി. തുടർച്ചയായ ഒരാഴ്ച വെള്ളവും ഭക്ഷണവും നൽകാതെ ഇത്തരത്തിൽ പീഢനമേൽക്കുന്ന മനുഷ്യൻ എല്ലും തോലുമാകുന്നതോടെ അവനും തൂണിൽ ബന്ധിക്കപ്പെടുന്ന നിരവധിഭ്രാന്തൻമാരിൽ ഒരാളായിമാറുന്നു. ഒരൽപം മാനസികവിഭ്രാന്തിയുള്ളവൻ ചിലപ്പോൾ പൂർണഭ്രാന്തനായി മാറുന്നുവെന്നതല്ലാതെ ഏതെങ്കിലും ഒരു ഭ്രാന്തന് ഏർവാടിയിലെ ചികിത്സകൊണ്ട് അസുഖം പൂർണ്ണമായും ഭേദപ്പെട്ടത്തായി ചരിത്രമില്ല. ഈ ലേഖകന്റെ തൊട്ടടുത്തുതന്നെ അതിനുദാഹരണമുണ്ട്. ലേഖകന്റെ സമീപതാമസക്കാരനായിരുന്ന, നാട്ടിൽ കൂലിവേല ചെയ്ത് ജീവിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ മാനസിക വിഭ്രാന്തിമൂലം നാടുവിട്ട് കറങ്ങിത്തിരിഞ്ഞ് എത്തിപ്പെട്ടത് അജ്മീറിലും പിന്നീട് ഏർവാടിയിലുമായിരുന്നു. അനേകവർഷത്തെ ദർഗാജീവിതത്തിനൊടുവിൽ മുഴുഭ്രാന്തനായാണ് ഇദ്ദേഹം തിരിച്ചെത്തിയത്. ഏകദേശം നാലുവർഷങ്ങൾക്ക് മുമ്പ് ഇദ്ദേഹം മരണപ്പെട്ടു. അതും നല്ലപ്രായത്തിൽ.

മറ്റൊരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. അതായത്, പിശാച് ശരീരത്തിൽ പ്രവേശിച്ചത് കൊണ്ടുണ്ടായ മാനസിക രോഗമാണെങ്കിൽ ചിലപ്പോൾ ഇത്തരം കേന്ദ്രങ്ങളിൽ സഹായാഭ്യാർത്ഥനയുമായി എത്തിയാൽ രോഗം അൽപം സുഖമായി തോന്നുന്നത് തൽക്കാലം പിശാച് ശരീരത്തിൽനിന്ന് ഇങ്ങിക്കൊടുക്കുന്നതുകൊണ്ടായിരിക്കാം. അൽപം ഒരു ആശ്വാസം തോന്നിയാൽ 'ജാറത്തിൽ വന്നത്കൊണ്ട് രോഗം ഭേദമായി'എന്ന ധാരണയിൽ രോഗിയേയും രോഗിയുടെ കുടുംബക്കാരേയും ജാറത്തിന്റെ അടിമകളാക്കിമാറ്റാൻ പിശാചിന് ഇതു വഴിസാധിക്കുന്നു. (ഹൈന്ദവ പൂജാകേന്ദ്രങ്ങളിൽ പോയി രോഗം മാറിയതായി പല മുസ്ലിംകളും പറയാറുണ്ട് എന്നത് ഓർക്കുക). ഒരു പാടു പേരെ ശിർക്കിലേക്ക് നയിക്കാൻ സാധിക്കുന്നുവെന്നതിനാൽ പിശാച് ഈ കുതന്ത്രം നിരന്തരം

പഴറ്റികൊണ്ടിരിക്കും. പക്ഷെ ഇങ്ങനെയുണ്ടാകുന്ന ശമനവും താൽക്കാലികമാണെന്നത് ഇതിന്റെ അടിമകളുടെ അനുഭവങ്ങളിൽനിന്നു തന്നെ നമുക്ക് ബോധ്യമായതാണ്.

ഏർവാടിയിലെ ഷെഡ്ഡിൽകിടന്നുതന്നെ മരണപ്പെട്ട നിരവധിയാളുകളുണ്ട്. ഇങ്ങിനെ മരണപ്പെടുന്നവനെ ഒരുപട്ടിയെ കുഴിച്ചിടുന്ന ലാഘവത്തോടെ എവിടെയെങ്കിലും കൊണ്ടുപോയി കുഴിച്ചിടുകയാണ് പതിവ്. അവിടെ ഇസ്ലാമിക വിധിപ്രകാരമുള്ള മയ്യിത്ത് സംസ്കരണമില്ല. ഏതൊരു മയ്യിത്തിനും ന്യായമായി ലഭിക്കേണ്ട നമസ്കാരവുമില്ല. അതിലാർക്കും കുണ്ഡിതമോ കുറ്റബോധമോയില്ല താനും. ഇങ്ങിനെ നിരവധിയാളുകളെ ഇവിടെകുഴിച്ചുമൂടിയിട്ടുണ്ട്. അവസാനം ഇത് പുറത്തുവന്നത്, കേരളീയനായ ഒരുരോഗി മരണപ്പെട്ട് കുഴിച്ചുമൂടിയതിനുശേഷം അയാളുടെ ബന്ധുക്കൾ അന്വേഷിച്ച്വന്നപ്പോഴാണ്.

വിദ്യാഭ്യാസ–സാംസ്കാരിക രംഗങ്ങളിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന കേരളീയരാണ് ഏർവാടിയിലെ ചൂഷക–ചൂഷിതരിൽ ഭൂരിഭാഗവും എന്നത് ഒരു പക്ഷേ വിരോധാഭാസമായി തോന്നാം. കേരളത്തിൽ തന്നെ മലപ്പുറം ജില്ലയിൽനിന്നാണ് കൂടുതൽപേരും ഏർവാടിയിലെത്തുന്നത്. ഇസ്ലാമിന്റെ മൊത്തക്കുത്തക അവകാശപ്പെടുന്ന മലപ്പുറത്തെ മാപ്പിളമക്കളിലാണ് ഇന്ന് അന്ധവിശ്വാസവും അനാചാരവും ഏറ്റവുംഅധികം മൂടുറച്ചിരിക്കുന്നത് എന്നത് മറ്റൊരു വിരോധാഭാസം. അതിന് കാരണവുമുണ്ട്. ഇസ്ലാമിന്റെ സംരക്ഷകരാണെന്ന് അവകാശപ്പെടുന്ന ഖുബൂരീ പണ്ഡിത കോമരങ്ങൾ ഏറ്റവും അധികം ഉറഞ്ഞുതുള്ളുന്നതും മലപ്പുറം ജില്ലയിൽ തന്നെയാണ്.

ഒരു മനുഷ്യന് മദ്യം വേണമെങ്കിൽ മദ്യഷാപ്പിൽ പോകണം. പെണ്ണ് പിടിക്കണമെങ്കിൽ വേശ്യാലയത്തിൽ പോകണം. മയക്കുമരുന്ന് വേണമെങ്കിൽ അതിന്റേതായ കേന്ദ്രത്തിൽ പോകണം. ഇവിടെയൊക്കെ പോയാലും പിടികൂടപ്പെടുമോ എന്ന ആശങ്ക ഉള്ളിലുണ്ടാവുകയും ചെയ്യും. എന്നാൽ യാതൊരു ഭയവുമില്ലാതെ ഇതെല്ലാം ഒരുമിച്ച് കിട്ടുന്ന ഒരിടം ഇന്ത്യയിലുണ്ടെങ്കിൽ അത് ഏർവാടി പോലെയുള്ള ദർഗാ പരിസരങ്ങളാണ്. ദർഗകളെ നിയന്ത്രിക്കുന്ന ഇത്തരം മാഫിയകളെ നിലക്കുനിർത്താൻ ഇനി ഖുബൂരി മുസ്ലിയാക്കൾക്കും കഴിയാത്ത അവസ്ഥയാണ്. ഏർവാടിയിൽ നടക്കുന്ന ഏത് തെമ്മാടിത്തത്തിനും ന്യായീകരണമായി ഇബ്രാഹിം ബാദുഷയുടെ ജാറം തൊട്ടടുത്ത് കിടപ്പുണ്ട്. ആ അടിത്തറയിലാണ് ഏർവാടിയിൽ നടക്കുന്ന സകലതിന്മകളും താണ്ഡവമാടുന്നത്. ആരാണ് ഇബ്രാഹിം ബാദുഷ? ആരാണ് ഇദ്ദേഹത്തിന്റെ മന്ത്രിയും വക്കീലുമൊക്കെയായി തൊട്ടടുത്ത ദർഗകളിൽ കിടക്കുന്നത്? ഇവരുടെ ചരിത്രമെന്ത്? ഈ വക ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പലപ്പോഴും കെട്ടുകഥകളും വൈരുധ്യങ്ങളും നിറഞ്ഞതാണ്. ഖുബൂരികൾ പടച്ചുവിടുന്ന കള്ളക്കറാമത്ത് കഥകളിലല്ലാതെ ആധികാരിക ചരിത്രങ്ങളിലൊന്നും ഇബ്രാഹീം ബാദുഷയെന്ന മത പ്രബോധകനെ പരിചയപ്പെടുത്തുന്നതായി ഈ ലേഖകൻകണ്ടിട്ടില്ല. പക്ഷെ ഒന്നറിയാം, കള്ളൻമാരും കൊള്ളക്കാരും ഉൾപ്പെടുന്ന, ഇസ്ലാമുമായി യാതൊരു ബന്ധവുമില്ലാത്ത കുറെ കാട്ടാളൻമാരുടെ കേളീരംഗമാണ് ഇന്ന് ഏർവാടി ദർഗയും പരിസരവും. അത് എന്നും അങ്ങനെതന്നെയായിരുന്നു. മതം ഒരു വാണിഭമാക്കിമാറ്റിയ പുരോഹിതൻമാർ നിലവിലുള്ളകാലത്തോളം അത് അങ്ങനെതന്നെയായിരിക്കുകയും ചെയ്യും. കേരളത്തിലെ ഖുബൂരി പണ്ഡിറ്റുകൾക്കാകട്ടെ ഈ മയ്യിത്ത് ബിസ്നസ്സിൽ ശക്തമായ പങ്കുണ്ട്. ഇത്തരം കേന്ദ്രങ്ങൾ തഴച്ചുവളരുവാൻ ഇവരുടെ തലതിരിഞ്ഞ ഫത്‌വകൾ കാരണമായിട്ടുണ്ട്.